# യോഹന്നാന്റെ ജീവപഠനം

## ദൂത് മുപ്പത്തിയഞ്ച്

## ത്രിയേകദൈവത്തിന്റെ ജൈവരൂപം ദിവ്യപ്രകർച്ചയിൽ

## (3)

### II. ഫലംകായിക്കുന്നതിൽ ദിവ്യജീവൻ ആവിഷ്കരിക്കുവാൻ ശാഖകൾ പരസ്പരം സ്നേഹിക്കുന്നു

നാമും കർത്താവും തമ്മിലുള്ള ബന്ധം കാണിക്കുന്നതായ യോഹന്നാൻ 15-ന്റെ ആദ്യഭാഗമായ 1 മുതൽ 11 വരെയുള്ള വാക്യങ്ങൾ നാം പരിഗണിച്ചു കഴിഞ്ഞു. രണ്ടാം ഭാഗമായ 12 മുതൽ 17 വരെയുള്ള വാക്യങ്ങൾ, നാമും കർത്താവും തമ്മിലുള്ള ബന്ധം കാണിക്കുന്നു. ഫലംകായിക്കുന്നതിലൂടെ ദിവ്യജീവൻ ആവിഷ്കരിക്കുന്നതിന് ശാഖകൾ പരസ്പരം സ്നേഹിക്കണമെന്ന് അദ്ധ്യായത്തിന്റെ ഈ ഭാഗത്ത് നാം കാണുന്നു. ഫലംകായിക്കുന്നത്, നാം പരസ്പരം സ്നേഹിക്കുന്നതുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു എന്ന് ഈ വാക്യങ്ങൾ വെളിപ്പെടുത്തുന്നു. ജീവനിൽ, അതായത്, ജീവനാലുള്ള സ്നേഹത്തിൽ, പരസ്പരം ശരിയായ ബന്ധം നാം നിലനിർത്തണം. നാം, നമ്മുടെ ബന്ധം സ്നേഹത്തിൽ കാക്കുകയും നമ്മിലുള്ള ജീവനാൽ പരസ്പരം സ്നേഹിക്കുകയും വേണം. ഈ ജീവൻ കർത്താവ് തന്നെയാണ്. പരസ്പരം സ്നേഹിക്കുന്നതാണ് സഭാജീവിതം, ശരീരജീവിതം. ശരീരജീവിതം സ്നേഹത്തിന്റെ ജീവിതവും സ്നേഹത്തിലുള്ള ജീവിതവുമാണ്. നാം പരസ്പരം സ്നേഹിക്കേണ്ടത് മാനുഷിക സ്നേഹം കൊണ്ടല്ല, ദിവ്യജീവനിലും ദിവ്യജീവനാലും ആണ്.

നാം, പല വേറിട്ടുനില്ക്കുന്ന മരങ്ങളുടെ ശാഖകളല്ല; നാമെല്ലാം ഒരേ മരത്തിന്റെ ശാഖകളാണ്. അതുകൊണ്ട്, നാം മരത്തോടെന്ന

പോലെ മറ്റെല്ലാ ശാഖകളോടും നല്ല കൂട്ടായ്മ നിലനിർത്തേണ്ടത് ആവശ്യമാണ്. അതുകൊണ്ടാണ് ഈ അദ്ധ്യായത്തിൽ പരസ്പരം സ്നേഹിക്കണമെന്നും കർത്താവ് നമ്മോട് പറയുന്നത്(വാ.12,17). നാം പരസ്പരം സ്നേഹിക്കുന്നില്ലെങ്കിൽ, ഫലംകായിക്കുക വളരെ പ്രയാസമായിരിക്കും. നാം പരസ്പരം സ്നേഹിക്കുന്നില്ലെങ്കിൽ, അതിനർത്ഥം മുന്തിരിച്ചെടിയുമായുള്ള നമ്മുടെ കൂട്ടായ്മ ഛേദിക്കപ്പെട്ടു എന്നാണ്. അതുകൊണ്ട് ഫലംകായിക്കുവാൻ നമുക്ക് യാതൊരു മാർഗ്ഗവുമില്ല. ഫലം കായിക്കേണ്ടതിന് നാം പരസ്പരം സ്നേഹിക്കണം.

നമ്മുടെ എല്ലാവരുടെയും ഉള്ളിലുള്ള ജീവൻ ഒരു ജീവനാണ്. നിങ്ങളിൽ ഉള്ള ജീവൻ കൃത്യമായി എന്നിലുള്ള ജീവൻ തന്നെയാണ്. ഇത് നമ്മുടെ ഭൗതിക ശരീരത്തിലുള്ള രക്തചംക്രമണത്തിന് സദൃശമാണ്. നമ്മുടെ ശരീരത്തിലുള്ള രക്തം ശരീരത്തിലെ ഓരോ അവയവത്തിലൂടെയും പ്രവഹിച്ചുകൊണ്ടിരിക്കുന്നു. അതുപോലെ, എല്ലാ ശാഖകളുടെയും ആന്തരികജീവൻ ഒന്നാണ്. ഈ ജീവൻ എല്ലാ ശാഖകളിലൂടെയും തുടർച്ചയായി പ്രവഹിച്ചുകൊണ്ടിരിക്കണം. അപ്പോൾ എല്ലാ ശാഖകളും വളരെ ജീവനുള്ളതായിരിക്കുകയും ഫലംകായിക്കുവാൻ ജീവന്റെ ഐശ്വര്യങ്ങൾകൊണ്ട് നിറയുകയും ചെയ്യും.

## A. ശാഖകൾ ഒന്നാണ്

ശാഖകൾ പലതാണെങ്കിലും അവ ഒന്നാണ്. അവ മുന്തിരിവള്ളിയോടും പരസ്പരവും ഒന്നാണ്. ശാഖകളെല്ലാം മുന്തിരിവള്ളിയോടു കൂടെ ഒരു ഉണ്മ, ഒരു ജൈവവസ്തു ആണ്.

## B. ശാഖകൾ മുന്തിരിവള്ളിയുമായി ഉറ്റ ബന്ധത്തിൽ ആണ്

ശാഖകൾ മുന്തിരിവള്ളിയുമായി ഉറ്റ ബന്ധത്തിലാണ്(വാ.13-15). ശാഖകൾ കർത്താവിന്റെ ദാസന്മാരല്ല; അവ അവന്റെ സ്നേഹിതന്മാർ ആണ്. അവ കർത്താവിന്റെ സ്നേഹിതന്മാർ ആയതുകൊണ്ട്, ശാഖകൾക്ക് ഒരു സംഘാത ശരീരമായി ആവിഷ്കരിക്കപ്പെടുക എന്ന പിതാവിന്റെ ആഗ്രഹം അറിയാം.

## C. ശാഖകൾ, നിലനിൽക്കുന്ന ഫലം കായിക്കേണ്ടതിന് തിരഞ്ഞെടുക്കപ്പെട്ടും നിയമിക്കപ്പെട്ടും ഇരിക്കുന്നു

നിലനിൽക്കുന്ന ഫലം കായിക്കേണ്ടതിന് ശാഖകൾ തിരഞ്ഞെടുക്കപ്പെട്ടും നിയമിക്കപ്പെട്ടും ഇരിക്കുന്നു."നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ പോയി ഫലം കായിക്കേണ്ടതിനും നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിനും നിങ്ങളെ ആക്കിവച്ചുമിരിക്കുന്നു; നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് അപേക്ഷിക്കുന്നതൊക്കെയും അവൻ നിങ്ങൾക്കു തരുവാ

നായി തന്നേ," എന്ന് 16-ാം വാക്യത്തിൽ കർത്താവ് പറഞ്ഞു. ആക്കി വച്ചു എന്നതിനു പകരം ആധികാരിക ഭാഷ്യത്തിൽ നിയോഗിക്കപ്പെട്ടു എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. നിയോഗിക്കപ്പെട്ടു എന്ന പദം എനിക്കിഷ്ടമാണ്. നാം എല്ലാവരും നിയോഗിക്കപ്പെട്ടിരിക്കുന്നു. നിയോഗിക്കപ്പെടുക എന്നാൽ നിയമിക്കപ്പെടുക എന്നാണർത്ഥം. നിയമിക്കപ്പെട്ടു എന്ന ആധുനിക പദത്തിനുള്ള പഴയ പദമാണ് നിയോഗിക്കപ്പെട്ടു എന്നത്. പ്രായം കുറഞ്ഞ സഹോദരിമാർ ഉൾപ്പെടെ എല്ലാ സഹോദരിമാരും തങ്ങൾ നിയോഗിക്കപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാക്കണം. നാം എല്ലാം നിയോഗിക്കപ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾക്ക് അറിയാമോ? നാം ഫലം കായിക്കുന്നതിനായി നിയോഗിക്കപ്പെട്ടിരിക്കുന്നു. അതിന് തീരെ ചെറുപ്പമാണ് നിങ്ങളെന്ന് പറയരുത്. നിങ്ങൾ എത്ര ചെറുപ്പമായാലും നിലനിൽക്കുന്ന ഫലം കായിക്കുവാൻ നിങ്ങളെ തിരഞ്ഞെടുക്കുകയും നിയോഗിക്കുകയും ചെയ്തിരിക്കുന്നു.

ഫലത്തെ സൂചിപ്പിക്കുന്ന നാല് രീതികൾ ഈ അദ്ധ്യായത്തിലുണ്ട്: ഫലം കായിക്കുന്നു(വാ.2), വളരെ ഫലം(വാ.8), അധികം ഫലം(വാ.2), നിലനിൽക്കുന്ന ഫലം(വാ.16). എത്രകാലം ഫലം നിലനിൽക്കുന്നു എന്നത് എത്രമാത്രം ജീവൻ നാം അതിലേക്ക് പകരുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഇതെല്ലാം, പുതിയ വിശ്വാസികളിലേക്ക് നാം പകർന്ന ജീവന്റെ അളവിനെ ആശ്രയിച്ചിരിക്കുന്നു. അവർ എത്രകാലം നിലനിൽക്കുമെന്ന് അത് നിശ്ചയിക്കുന്നു. പലപ്പോഴും ജനത്തെ കർത്താവിങ്കലേക്ക് കൊണ്ടുവരുന്നതിൽ നാം ചെറിയൊരളവ് ജീവനേ അവരിലേക്ക് പകരാറുള്ളൂ. അതുകൊണ്ട്, അവർ വിരളമായേ നിലനിൽക്കാറുള്ളൂ. കൂടുതൽ കാലം നിലനിൽക്കുക അവർക്ക് പ്രയാസമാണ്.

### *1. പുത്രന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നതിലൂടെ*

പുത്രന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നതിലൂടെ നിലനിൽക്കുന്ന ഫലം കായിക്കുന്നതിനാണ് ശാഖകൾ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. ഫലം കായിക്കലിനുവേണ്ടി പ്രാർത്ഥിക്കുമ്പോൾ നാം പുത്രന്റെ നാമത്തിൽ പ്രാർത്ഥിക്കണം. കർത്താവിന്റെ നാമത്തിൽ ചോദിക്കുന്നതിന് നാം കർത്താവിൽ വസിക്കുകയും അവനെയും അവന്റെ വചനങ്ങളെയും നമ്മിൽ വസിക്കുവാൻ അനുവദിക്കുകയും ചെയ്ത്, നാം അവനുമായി വാസ്തവത്തിൽ ഒന്നായിരിക്കേണ്ടത് ആവശ്യമാണ്. അപ്പോൾ നമ്മുടെ അപേക്ഷ അവന്റെ അപേക്ഷ ആയിരിക്കും. ഇത്തരത്തിലുള്ള അപേക്ഷ ഫലംകായിക്കലുമായി ബന്ധപ്പെട്ടിരിക്കുന്നു; അവയ്ക്ക് തീർച്ചയായും പിതാവ് മറുപടി നൽകുകയും ചെയ്യും. ഇപ്രകാരം പ്രാർത്ഥിക്കുമ്പോൾ, നാം പുത്രനുമായി ഒന്നാണെന്ന് അവകാശപ്പെടണം. നാം യാചിക്കരുത്, മറിച്ച് നാം പുത്രനുമായി ഒന്നാണെന്ന് അവകാശപ്പെടണം. പുത്രൻ ആയിരിക്കുന്നതും പുത്രനുള്ളതും നമ്മുടേതാണ്. നാം അവന്റെ നാമത്തിലും ആണ്. ഇങ്ങനെ പ്രാർത്ഥിക്കുക.

### *2. പുത്രനുമായി ഒന്നായിരുന്നും അവനാൽ ജീവിച്ചും, അവരിൽ ജീവിക്കുവാൻ അവനെ അനുവദിച്ചുംകൊണ്ട്*

നാം പുത്രന്റെ നാമത്തിൽ പ്രാർത്ഥിക്കുക മാത്രമല്ല, പുത്രനുമായി ഒന്നായിരിക്കുകയും അവനാൽ ജീവിക്കുകയും അവനെ നമ്മിൽ ജീവിക്കുവാൻ അനുവദിക്കുകയും വേണം. ഇത് വളരെ നിർണ്ണായകമായ കാര്യമാണ്. നമ്മുടെ പ്രാർത്ഥന നമ്മുടെ ജീവിതത്തെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ ജീവിതത്തിൽ നാം കർത്താവിനോട് ഒന്നായിരിക്കണം. അപ്പോൾ നമുക്ക് നമ്മുടെ പ്രാർത്ഥനയിൽ അവനുമായി ഒന്നായിരിക്കുവാനും അവന്റെ നാമത്തിൽ പ്രാർത്ഥിക്കുവാനും കഴിയും. ഇത്തരത്തിലുള്ള ജീവിതവും പ്രാർത്ഥനയുംകൊണ്ട് നമുക്ക് നിലനില്ക്കുന്ന ഫലം കായിക്കുവാൻ കഴിയും.

### D. ശാഖകൾ പരസ്പരം സ്നേഹിക്കുന്നു

പുത്രന്റെ ജീവനിലും പുത്രന്റെ സ്നേഹത്തിലും പിതാവിന്റെ തേജസ്കരണത്തിനുവേണ്ടി ഫലംകായിക്കലിനായുള്ള പുത്രന്റെ നിയോഗത്തിലും ശാഖകൾ പരസ്പരം സ്നേഹിക്കേണ്ടത് ആവശ്യമാണ്. ദിവ്യജീവനായ കർത്താവിന്റെ ജീവനിലും കർത്താവിന്റെ സ്നേഹത്തിലും ഫലംകായിക്കലിനുള്ള അവന്റെ നിയോഗത്തിലും നാം പരസ്പരം സ്നേഹിക്കേണ്ടത് ആവശ്യമാണ്. ജീവൻ ഉറവിടവും സ്നേഹം അവസ്ഥയും ഫലംകായിക്കൽ ലക്ഷ്യവുമാണ്. ഉറവിടമായ കർത്താവിന്റെ ജീവനാലും അവസ്ഥയായ കർത്താവിന്റെ സ്നേഹത്തിലും ലക്ഷ്യമായ ഫലംകായിക്കലിനുവേണ്ടിയും നാമെല്ലാം ജീവിക്കുകയാണെങ്കിൽ, നാം തീർച്ചയായും പര്സപരം സ്നേഹിക്കും. ജീവന്റെ വിവിധ ഉറവിടങ്ങൾ, വിവിധ അവസ്ഥകൾ അല്ലെങ്കിൽ വിവിധ ലക്ഷ്യങ്ങൾ എന്നിവ ഉണ്ടായിരിക്കുന്നത്, നമ്മെ വേർപെടുത്തുകയും പരസ്പരം സ്നേഹിക്കുന്നതിൽനിന്ന് തടയുകയും ചെയ്യും.

പരസ്പരം സ്നേഹിക്കുന്നതിനെക്കുറിച്ച് സംസാരിക്കുവാൻ വളരെ താല്പര്യമുള്ളവരാണ് ക്രിസ്ത്യാനികൾ. നാം നമ്മുടെ മാനുഷിക ജീവനിൽ പരസ്പരം സ്നേഹിക്കുന്നുവെങ്കിൽ അതിന്റെ ഫലം മരണമാണ്. വൈകാരികമായ വിധത്തിൽ അഥവാ, നമ്മുടെ സ്വന്ത ഉദ്ദേശ്യത്തിനുവേണ്ടി നാം പരസ്പരം സ്നേഹിക്കുന്നുവെങ്കിൽ, അതും മരണത്തിൽ പരിണമിക്കും. നാം ക്രിസ്തുവിന്റെ ജീവനിലും ക്രിസ്തുവിന്റെ സ്നേഹത്തിലും ക്രിസ്തുവിന്റെ നിയോഗത്തിലും പരസ്പരം സ്നേഹിക്കണം. നാം നമ്മുടെ സ്വാഭാവിക ജീവനിലോ, നമ്മുടെ വികാരങ്ങൾകൊണ്ടോ അല്ലെങ്കിൽ നമ്മുടെതന്നെ ഉദ്ദേശ്യത്തിനുവേണ്ടിയോ പരസ്പരം സ്നേഹിക്കരുത്. നാം ദിവ്യജീവനിലും, ദിവ്യസ്നേഹത്തോടെയും പിതാവ് മഹത്വപ്പെടത്തക്കവണ്ണം വളരെ ഫലം കായിക്കുന്നതിനുവേണ്ടിയും പരസ്പരം സ്നേഹിക്കണം.

## III. മുന്തിരിവള്ളിയും ശാഖകളും ലോകത്തിൽനിന്നു വേർപെട്ടും മതപരമായ ലോകത്താൽ വെറുക്കപ്പെട്ടും പീഡിപ്പിക്കപ്പെട്ടും ഇരിക്കുന്നു

യോഹന്നാൻ 15-ാം അദ്ധ്യായത്തിന് മൂന്ന് ഭാഗങ്ങളുണ്ട്. 1 മുതൽ 11 വരെയുള്ള വാക്യങ്ങൾ ഉൾപ്പെടുന്ന ഒന്നാം ഭാഗം മുന്തിരിച്ചെടിയും ശാഖകളും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചും, 12 മുതൽ 17 വരെയുള്ള വാക്യങ്ങൾ ഉൾപ്പെടുന്ന രണ്ടാമത്തേത് ശാഖകൾ തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചും 18 മുതൽ 27 വരെയുള്ള മൂന്നാമത്തേത് ശാഖകളും ലോകവും തമ്മിലുള്ള വേർപാടിനെ സംബന്ധിച്ചും ഉള്ളതാണ്. ശാഖകൾ എന്ന നിലയിൽ നാം ലോകത്തിൽനിന്ന് വേർപെട്ടിരിക്കുന്നു. നമുക്ക് ലോകത്തോട് ഒരു കാര്യവുമില്ല, കാരണം നാം മുന്തിരിച്ചെടിയോട് പൂർണ്ണമായി ചേർന്നിരിക്കുന്നു.

### A. ഇവിടെ ലോകം പ്രധാനമായും മതപരമായ ലോകമാണ്

യോഹന്നാന്റെ സുവിശേഷത്തിന്റെ ഈ ഭാഗത്ത്, ലോകം എന്ന പദം പ്രധാനമായും സൂചിപ്പിക്കുന്നത് മതപരമായ ലോകത്തെയാണ്(15:18;16:2). അതായത്, പതിനഞ്ചാം അദ്ധ്യായത്തിൽ ലോകം, മതം, പ്രത്യേകിച്ച് യെഹൂദമതം മാത്രമാണ്. കർത്താവായ യേശുവിന്റെ അക്കാലത്തെ ശിഷ്യന്മാർക്ക് ലോകം യെഹൂദമതമായിരുന്നു. അവർ യെഹൂദമതത്തിൽനിന്ന് ക്രിസ്തുവിലേക്ക്, മുന്തിരിച്ചെടിയിലേക്ക് വേർപെട്ടിരുന്നു.

### B.സാത്താന്റെ ലൗകിക വ്യവസ്ഥയുടെ ഒരു ഭാഗമായ മതം ത്രിയേകദൈവത്തിന്റെ ആവിഷ്കാരത്തിനുവേണ്ടിയുള്ള ദിവ്യജൈവരൂപത്തിന്റെ ശാഖകളെ വെറുക്കുന്നു

സാത്താന്റെ ലോകവ്യവസ്ഥയുടെ ഒരു ഭാഗമായ മതം ത്രിയേകദൈവത്തിന്റെ ആവിഷ്കാരത്തിനുവേണ്ടിയുള്ള ദിവ്യജൈവരൂപത്തിന്റെ ശാഖകളെ വെറുക്കുന്നു(15:18). അനേക മതഭക്തരും മതത്തെ സാത്താന്റെ ലോകവ്യവസ്ഥയുടെ ഒരു ഭാഗമായി കണക്കാക്കുന്നില്ല. എന്നാൽ, ദൈവത്തിന്റെ കണ്ണുകളിൽ മതം സാത്താന്റെ ലോകത്തിന്റെ ഒരു വകുപ്പാണ്. പതിനാറാം അദ്ധ്യായത്തിലേക്ക് വരുമ്പോൾ, കർത്താവിന്റെ അനുയായികളെ കൊല്ലുന്നത് ദൈവത്തിന് ഒരുതരം വഴിപാടു കഴിക്കുന്നതുപോലെ മതാനുസാരികൾ കണക്കാക്കുമെന്ന് കർത്താവ് തന്റെ ശിഷ്യന്മാരോട് പറഞ്ഞതായി നാം കാണും. മതാനുസാരികൾ പേരിൽ ദൈവത്തെയാണ് സേവിച്ചിരുന്നതെങ്കിലും, വാസ്തവമായി അവർ സേവിച്ചത് സാത്താനെയായിരുന്നു. അതുകൊണ്ട്, മതം എന്ന് വിളിക്കപ്പെട്ടിരുന്നത് വാസ്തവത്തിൽ ലോകം എന്ന സാത്താന്യ വ്യവസ്ഥയുടെ ഒരു വകുപ്പാണ്.

നാം ലോകത്തിൽനിന്ന് വേർപെട്ടിരിക്കണം, കാരണം അത് സഭയ്ക്ക് എതിരാണ്. ലോകം, ഒരു സാത്താന്യവ്യവസ്ഥ എന്ന നിലയിൽ ക്രിസ്തുവിന്റെ ശരീരത്തിന് എതിരാണ്. ലോകം ശരീരത്തെ വെറുക്കുന്നു, അത് ശാഖകളെ വെറുക്കുന്നു. അത് സഭയെയും വെറുക്കുന്നു. സഭ ത്രിയേകദൈവത്തിന്റെ ജൈവരൂപമായ ശരീരമാണ്, എന്നാൽ ലോകം സാത്താന്റെ ഒരു വ്യവസ്ഥയാണ്. സാത്താന്റെ വ്യവസ്ഥ എപ്പോഴും ത്രിയേകദൈവത്തിന്റെ ജൈവരൂപത്തെ എതിർക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നു. സഭയും ശാഖകളും ശരീരവും ത്രിയേകദൈവത്തിന്റെ ജൈവരൂപമാണെന്ന് നാം ആഴത്തിൽ മനസ്സിലാക്കണം. ത്രിയേകദൈവം ഈ ജൈവരൂപത്തിന്റെ ഉള്ളിൽ ജീവിക്കുകയും അതിലൂടെ തന്നെത്താൻ ആവിഷ്കരിക്കുകയും ചെയ്യുന്നു. നിങ്ങളുടെ സാക്ഷാൽ ആളത്തം ജീവിക്കുന്ന, ജൈവരൂപമാണ് നിങ്ങളുടെ ശരീരം. അതിലൂടെ നിങ്ങളുടെ ആളത്തം ആവിഷ്കരിക്കപ്പെടുന്നു. അതുപോലെ, ത്രിയേകദൈവത്തിന് ക്രിസ്തുവിന്റെ ശരീരമായ സഭപോലുള്ള ഒരു ജൈവരൂപം ആവശ്യമാണ്. ഇപ്രകാരം ഒരു ജൈവരൂപത്തിൽ ജീവിക്കുവാനും അതിലൂടെ തന്നെത്താൻ ആവിഷ്കരിക്കുവാനും ത്രിയേകദൈവം ആഗ്രഹിക്കുന്നു. എന്നാൽ ദൈവത്തിന്റെ ശത്രുവായ സാത്താൻ വ്യവസ്ഥിത പ്രപഞ്ചം എന്ന് അറിയപ്പെടുന്ന ഒരു വ്യവസ്ഥ ക്രമപ്പെടുത്തി. ഈ വ്യവസ്ഥിത പ്രപഞ്ചം ദൈവത്തിന്റെ ശത്രു ചിട്ടപ്പെടുത്തിയ ഒരു സംഘടനയാണ്. ശത്രുവിന്റെ പ്രപഞ്ച വ്യവസ്ഥയുടെ പിന്നിലുള്ള ഉദ്ദേശ്യം ത്രിയേകദൈവത്തിന്റെ ജൈവരൂപമായ സഭയെ, ക്രിസ്തുവിന്റെ ശരീരത്തെ, എതിർക്കുക എന്നതാണ്. അതുകൊണ്ട്, നമുക്ക് ഈ ലോകവുമായി ഒരു ബന്ധവും ഉണ്ടായിരിക്കരുത്. നാം ത്രിയേകദൈവത്തിന്റെ ജൈവരൂപത്തോട് വേർപെട്ടതിനാൽ ലോകത്തിന് പുറത്താണ്.

### C. ശാഖകൾ തിരഞ്ഞെടുക്കപ്പെട്ടവയും ലോകത്തിന്റേത് അല്ലാത്തവയും മതത്തിന്റെ സാത്താന്യവ്യവസ്ഥയോട് ബന്ധമില്ലാത്തവയും ആണ്

ലോകത്തിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട ശാഖകൾ എന്ന നിലയിൽ നമുക്ക് സാത്താന്യ മതവ്യവസ്ഥയോട് യാതൊരു ബന്ധവും ഉണ്ടാകരുത്(വാ.19). എന്നുവരികിലും, ഏതാണ്ട് എല്ലാ ക്രിസ്ത്യാനികളുടെ ഇടയിലും ഒരു കലർപ്പുണ്ട്. കർത്താവിന്റെ കൃപയാൽ, ഏതെങ്കിലും മതത്തിന്റെ വ്യവസ്ഥയിൽനിന്ന് വേർപെട്ട് നിൽക്കുവാനും യാതൊരു കലർപ്പും ഇല്ലാതെ ശുദ്ധമായ മാർഗ്ഗത്തിൽ സഭയോടൊത്ത് നിൽക്കുവാനും നാം ആഗ്രഹിക്കുന്നു. ശരിയായ സഭാജീവിതം തടസ്സപ്പെടുത്തുവാനും തകർക്കുവാനും സാത്താൻ ഉണ്ടാക്കിയതാണ് ഏത് മതത്തിന്റെയും വ്യവസ്ഥ. സഭ ത്രിയേകദൈവത്തിന്റെ ആവിഷ്കാരത്തിനുള്ള ജൈവരൂപം ആകേണ്ടതിന്, നാം ഏത് തരത്തിലുള്ള മതത്തിൽനിന്നും വേർപെട്ടിരിക്കണം.

## D. മുന്തിരിവള്ളിയെ പീഡിപ്പിച്ചിട്ട്, ശാഖകളെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്ന മതപരമായ ലോകം

കർത്താവ് തന്റെ ശിഷ്യന്മാരോട് ജീവന്റെ മാർഗ്ഗത്തിൽ തന്നെ അനുഗമിക്കുവാൻ അവർ ഇഷ്ടപ്പെടുന്നുവെങ്കിൽ പീഡനം സഹിക്കുവാൻ ഒരുങ്ങിയിരിക്കണം എന്നു പറഞ്ഞു(വാ.20-25). ത്രിയേക ദൈവത്തെ നമ്മുടെ ജീവനായി അനുഭവിക്കുവാനും ത്രിയേകദൈവത്തോട് ഇഴുകിച്ചേരുവാനും ത്രിയേകദൈവത്തോടൊപ്പം പരസ്പരം വസിക്കുവാനും ഇഷ്ടപ്പെടുന്നുവെങ്കിൽ, മതത്തിൽനിന്ന് പീഡനം സഹിക്കുവാൻ നാം ഒരുങ്ങിയിരിക്കണം. ശിഷ്യന്മാർക്ക് നേരിട്ട പീഡനം മതേതരലോകം എന്നു വിളിക്കപ്പെടുന്നതിൽ നിന്നായിരുന്നില്ല, പിന്നയോ, ദൈവത്തെ ആരാധിക്കുകയും അവനെ സ്നേഹിക്കുന്നു എന്ന് തോന്നിക്കുകയും ചെയ്ത മതങ്ങളിൽ നിന്നായിരുന്നു. താൻ നിമിത്തം മതാനുസാരികൾ തന്റെ ശിഷ്യന്മാരെ പീഡിപ്പിക്കുകയും കൊല്ലുകപോലും ചെയ്യുമെന്ന് കർത്താവ് അവരോട് പറയുകയായിരുന്നു. ശിഷ്യന്മാർ, മുന്തിരിവള്ളിയുടെ ശാഖകൾ എന്ന നിലയിൽ ക്രിസ്തുവിന്റെ ശരീരം, ത്രിയേകദൈവത്തിന്റെ ജീവനും ആവിഷ്കാരത്തിനും വേണ്ടിയുള്ള ജൈവരൂപം ആണെന്നും, ലോകം, പ്രപഞ്ചവ്യവസ്ഥ എന്ന നിലയിൽ സാത്താന്റെ സംഘടിത വ്യവസ്ഥ ആണെന്നും നാം കണ്ടു. കർത്താവിന്റെ കണ്ണുകളിൽ മതപരമായ വ്യവസ്ഥ, സാത്താന്റെ വ്യവസ്ഥയുടെ ഭാഗം എന്ന നിലയിൽ ശിഷ്യന്മാരെ വെറുക്കുന്ന ലോകമാണ്.

മതപരമായ ലോകം, കർത്താവിനെ ജീവനിൽ പിന്തുടരുന്ന ജനത്തെ പീഡിപ്പിക്കുന്നു. കാരണം അവർ മുന്തിരിവള്ളിയുടെ ശാഖകൾ എന്ന നിലയിൽ കർത്താവുമായി ഒന്നായിരിക്കുകയും കർത്താവിന്റെ നാമത്തിൽ പെരുമാറുകയും കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്നു. മതാനുസാരികൾ കർത്താവിന്റെ ഉറവിടമായ പിതാവിനെ അറിയാത്തതുകൊണ്ട്, അവർ കർത്താവിന്റെ ശരിയായ അനുയായികളെ വെറുക്കുന്നു. മതാനുസാരികൾ പുത്രനിൽ പിതാവിനെ വെറുക്കുന്നതുകൊണ്ട്(വാ.23), അവർ പുത്രന്റെ അനുയായികളെയും വെറുക്കുന്നു. ഈ വെറുപ്പും പീഡനവും ദൈവത്തിന്റെ കണ്ണുകളിൽ അവരുടെ പാപമാണ്(വാ.22,24). ഇതിനാലെല്ലാം മതം, ദൈവത്തിന്റെ വിശുദ്ധവചന പ്രകാരം രൂപപ്പെട്ട മതംപോലും എത്ര പൈശാചികമാണ് എന്നു നമുക്ക് കാണാം. ഇവിടെ മതത്തിൽ നാം ശത്രുവിന്റെ കൗശലം കാണുന്നു.

## E. ആശ്വാസപ്രദായകൻ സാക്ഷ്യപ്പെടുത്തുന്നു

### *1. യാഥാർത്ഥ്യത്തിന്റെ ആത്മാവായി*

"ഞാൻ പിതാവിന്റെ അടുക്കൽനിന്നു നിങ്ങൾക്കു അയയ്ക്കുവാനുള്ള ആശ്വാസപ്രദായകനായി പിതാവിന്റെ അടുക്കൽനിന്നു പുറ

പ്പെടുന്ന യാഥാർത്ഥ്യത്തിന്റെ ആത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം പറയും"എന്ന് 26-ാം വാക്യം പറയുന്നു. മതം പീഡിപ്പിക്കുന്നു, എന്നാൽ യാഥാർത്ഥ്യത്തിന്റെ ആത്മാവ് സാക്ഷ്യപ്പെടുത്തുന്നു. പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളുടെയും യാഥാർത്ഥ്യമാണ്; നാം യാഥാർത്ഥ്യത്തിന്റെ ആത്മാവിന്റെ സാക്ഷികൾ ആകേണ്ടവരാണ്.

### *2. പുത്രനാൽ അയക്കപ്പെട്ടു*

ശിഷ്യന്മാരുടെ അടുത്തേക്ക് യാഥാർത്ഥ്യത്തിന്റെ ആത്മാവിനെ താൻ അയക്കുമെന്ന് ഈ വാക്യത്തിൽ കർത്താവ് പറഞ്ഞു. എന്നാൽ 14:26-ൽ പിതാവ് ആശ്വാസപ്രദായകനെ, പരിശുദ്ധാത്മാവിനെ പുത്രന്റെ നാമത്തിൽ അയക്കുമെന്ന് കർത്താവ് പറഞ്ഞു. ഒരേ കാര്യത്തെക്കുറിച്ച് രണ്ടു വ്യത്യസ്ത രീതിയിലുള്ള സംസാരം യോഹന്നാനുണ്ട്. ഒന്നാമത്, 14:26-ൽ പിതാവ് ആത്മാവിനെ അയയ്ക്കുമെന്ന് അവൻ പറയുന്നു; ഇപ്പോൾ 15:26-ൽ കർത്താവുതന്നെ ആത്മാവിനെ അയയ്ക്കുമെന്ന് അവൻ പറയുന്നു. അപ്പോൾ ആര് ആത്മാവിനെ അയച്ചു-പിതാവോ, പുത്രനോ? ആത്മാവിനെ അയച്ചത് പിതാവും പുത്രനും ആയിരുന്നെന്ന് നാം പറയേണ്ടിയിരിക്കുന്നു. പിതാവും പുത്രനും ഒന്നാണ്. പിതാവിന്റെ അയയ്ക്കൽ പുത്രന്റെ അയയ്ക്കലും, പുത്രന്റെ അയയ്ക്കൽ പിതാവിന്റെ അയയ്ക്കലുമാണ്. ഇരുവരും ഒന്നാണ്. ആത്മാവിനെ അയയ്ക്കുന്നത് ആരായാലും, പിതാവിനോടൊപ്പവും പുത്രന്റെ നാമത്തിലും ആത്മാവ് എല്ലായ്പ്പോഴും അയയ്ക്കപ്പെടുന്നു. ഒരിക്കൽകൂടി നാം ത്രിയേകദൈവത്തെ കാണുന്നു. ആത്മാവ് വരുമ്പോൾ, അവൻ പിതാവിനോടൊപ്പം പുത്രന്റെ നാമത്തിൽ വരുന്നു. അതുകൊണ്ട് ദൈവത്വത്തിലെ മൂവരും ഇവിടെ ഉണ്ട്.

### *3. പിതാവിൽനിന്നു മാത്രമല്ല പിതാവിനോടൊപ്പം*

ആശ്വാസപ്രദായകനെ പിതാവിൽനിന്ന് താൻ അയയ്ക്കുമെന്ന് 26-ാം വാക്യത്തിൽ കർത്താവ് പറഞ്ഞു. മുപ്പത്തിരണ്ടാം ദൂതിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ ഈ വാക്യത്തിൽ, നിന്ന് എന്ന് തർജ്ജമ ചെയ്തിരിക്കുന്നതിന്റെ ഗ്രീക്ക് ഉപസർഗ്ഗം para എന്നതാണ്. ഗ്രീക്കിൽ ഈ ഉപസർഗ്ഗത്തിന്റെ ഇവിടുത്തെ അർത്ഥം നിന്നും-ഒപ്പവും എന്നാണ്. യാഥാർത്ഥ്യത്തിന്റെ ആത്മാവ് പുത്രനാൽ അയക്കപ്പെടുന്നത്, പിതാവിൽനിന്നു മാത്രമല്ല പിതാവിനോടൊപ്പവുമാണ്. ആശ്വാസപ്രദായകൻ പിതാവിൽനിന്നും പിതാവിനോടൊപ്പവും വരുന്നു. പിതാവാണ് ഉറവിടം. ഉറവിടത്തിൽനിന്ന് ആത്മാവ് വരുമ്പോൾ, അവൻ ഉറവിടത്തെ വിട്ടുപോരുന്നു എന്നല്ല, ഉറവിടം അവനോടൊപ്പം വരുന്നു എന്നാണർത്ഥം. പുത്രനാൽ അയയ്ക്കപ്പെടുകയും പിതാവിനോടൊപ്പം വരുകയും ചെയ്യുന്ന ഈ ആത്മാവ്, പുത്രനെ സംബന്ധിച്ച് സാക്ഷ്യപ്പെടുത്തും. അതുകൊണ്ട്, പുത്രനെ സംബന്ധിച്ച അവന്റെ സാക്ഷ്യം ത്രിയേകദൈവത്തെ സംബന്ധിച്ച ഒരു കാര്യമാണ്.

### 4. സാക്ഷ്യപ്പെടുത്തുന്നു

യാഥാർത്ഥ്യത്തിന്റെ ഈ ആത്മാവ് മുന്തിരിവള്ളിയായി പുത്രനെ സംബന്ധിച്ച് സാക്ഷ്യപ്പെടുത്തുന്നു. അത് പീഡിപ്പിക്കുന്ന മതത്തിന്റെ മുമ്പിൽ സാക്ഷ്യപ്പെടുത്തുന്നു. മാത്രമല്ല, ആത്മാവ് ശാഖകളോടും, ശാഖകളിലൂടെ ലോകത്തോടും, സാക്ഷ്യപ്പെടുത്തുന്നു. മതം പീഡിപ്പിച്ചേക്കാം, എന്നാൽ യാഥാർത്ഥ്യത്തിന്റെ ആത്മാവ് പുത്രൻ മുന്തിരിവള്ളിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ശാഖകളായ വിശ്വാസികളിലൂടെ ഈ സാക്ഷ്യം ലോകത്തിലുടനീളം പ്രചരിക്കും. അത് ഇന്നും നടന്നുകൊണ്ടിരിക്കുന്നു.

## F. മതത്തിന്റെ പീഡനം മുന്നമേ അറിയിക്കുന്നു

16:1-4-ൽ മുന്തിരിവള്ളിയെയും ശാഖകളെയും മതം പീഡിപ്പിക്കുന്നത് മുന്നമേ പറഞ്ഞിരിക്കുന്നു. ഒന്നാമത് മതം ജൈവരൂപത്തിന്റെ (മുന്തിരിവള്ളിയുടെ) ശാഖകളെ, സംഘടനയിൽനിന്ന്(സിനഗോഗിൽനിന്ന്, വാ.2) പുറത്താക്കും."നിങ്ങളെ കൊല്ലുന്നവൻ എല്ലാം ദൈവത്തിനു വഴിപാടു കഴിക്കുന്നു എന്നു വിചാരിക്കുന്ന നാഴിക വരുന്നു,"എന്ന് രണ്ടാം വാക്യത്തിൽ കർത്താവ് പറഞ്ഞു. ദൈവത്തിന്റെ ജൈവരൂപത്തിന്റെ ശാഖകളെ കൊല്ലുന്നതിലൂടെ ദൈവത്തിന് വഴിപാട് കഴിക്കുകയാണെന്ന് മതം കരുതുന്നു. നാം കണ്ടതുപോലെ, ഈ സുവിശേഷത്തിൽ ജീവന്റെ ശത്രുവായി മതം വെളിപ്പെട്ടിരിക്കുന്നു. സുവിശേഷങ്ങളിൽ യെഹൂദമതം കർത്താവായ യേശുവിനെ എതിർക്കുകയും പീഡിപ്പിക്കുകയും ചെയ്തു. അപ്പൊസ്തല പ്രവൃത്തികളിൽ യെഹൂദമതം അപ്പൊസ്തലൻമാരോടും മറ്റു വിശ്വാസികളോടും ഉള്ള അതിന്റെ എതിർപ്പും പീഡനവും തുടർന്നുകൊണ്ടിരുന്നു(4:1-3;5:17-18,40; 6:11-14;7:57-59;26:9-12;ഗലാ.1:13). തുടർന്നുള്ള ചരിത്രത്തിൽ കത്തോലിക്കാമതം കർത്താവിന്റെ അനുയായികളെ പീഡിപ്പിച്ചു. ഏതുതരത്തിലുള്ള സംഘടിത മതവും കർത്താവിനെ ജീവനിൽ അന്വേഷിക്കുകയും പിന്തുടരുകയും ചെയ്യുന്നവരെ പീഡിപ്പിക്കുന്നു. എല്ലാ മതങ്ങളും ഇത്തരം പീഡനത്തെ ദൈവത്തിനു വഴിപാട് കഴിക്കുന്നതായി കണക്കാക്കുന്നു. ആദ്യം മതം പീഡിപ്പിക്കുന്നു; പിന്നെ അത് കൊല്ലുന്നു. മതം ഉറവിടമായ പിതാവിനെയോ ആവിഷ്കാരമായ പുത്രനെയോ അറിയുന്നില്ല(വാ.3). കർത്താവ് പറഞ്ഞതുപോലെ, "അവർ പിതാവിനെയോ എന്നെയോ അറിയായ്കകൊണ്ട് ഈ കാര്യങ്ങൾ ചെയ്യും."

പീഡനം വന്നപ്പോൾ തന്റെ ശിഷ്യന്മാർ വ്യസനിക്കാതെയും ഇടറാതെയും ഇരിക്കുവാനും അവർ അമ്പരക്കാതിരിക്കുവാനും കർത്താവ് അവരോട് മുൻകൂട്ടി പറഞ്ഞു. പീഡനത്തിന്റെ സമയത്ത് ശിഷ്യന്മാർ എളുപ്പത്തിൽ പരസ്പരം ഇങ്ങനെ പറഞ്ഞേക്കാമായിരുന്നു,"ഈ മതഭക്തരായ ആളുകൾ ദൈവത്തെ ആരാധിക്കുന്നു. എന്നാൽ, നാം ഇതേ ദൈവത്തെതന്നെ നമ്മുടെ ജീവനായും നിവാസമായും എടുക്കുകയും

നമ്മെത്തന്നെ ദൈവത്തിന്റെ നിവാസമാക്കുകയും ചെയ്യുന്നതുകൊണ്ട് മതഭക്തരായ ഈ ആളുകൾ നമ്മെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുന്നു. അവർ നമ്മെ പള്ളിയിൽനിന്ന് പുറത്താക്കുക മാത്രമല്ല കൊല്ലുകപോലും ചെയ്യുന്നു. ഒരുപക്ഷേ നാമായിരിക്കും തെറ്റുകാർ." ശിഷ്യന്മാർ തങ്ങൾ തെറ്റിപ്പോയിരിക്കുന്നു എന്നു കരുതാതിരിക്കുവാൻ കർത്താവ് വരുവാനുള്ള പീഡനം മുൻകൂട്ടി പറഞ്ഞു. ഈ പീഡനം നിങ്ങൾക്ക് സംഭവിക്കുകയാണെങ്കിൽ നിങ്ങൾ തെറ്റിയെന്ന് ചിന്തിക്കരുത്. നേരെമറിച്ച് ആ പീഡനം തെളിയിക്കുന്നത് നിങ്ങൾ ശരിയാകുന്നു എന്നാണ്. മതാനുസാരികൾ നിങ്ങളെ പീഡിപ്പിക്കുന്നില്ലെങ്കിൽ, നിങ്ങൾ തെറ്റായിരിക്കാം. റോമൻ കത്തോലിക്കാസഭയും സഭാവിഭാഗങ്ങളും നിങ്ങളെ പീഡിപ്പിക്കുന്നില്ലെങ്കിൽ, നിങ്ങൾ തെറ്റിയിരിക്കുന്നു എന്നു മനസ്സിലാക്കണം. എന്നാൽ, നിങ്ങൾ കർത്താവിനെ നിങ്ങളുടെ ജീവനായി എടുക്കുകയും, നിങ്ങളുടെ നിവാസമായി അവനെ അനുഭവമാക്കുകയും, നിങ്ങളെത്തന്നെ അവന്റെ നിവാസമാക്കുകയും ചെയ്യുന്നില്ലെങ്കിൽ, മതപരമായ ലോകത്തിന്റെ പീഡനം നേരിടുവാൻ നിങ്ങൾ സന്നദ്ധരായിരിക്കണം.

സാത്താന്യമായ, സംഘടിത വ്യവസ്ഥ എന്ന നിലയിൽ, ലോകം ക്രിസ്തുവിന്റെ ശരീരത്തെ മൂന്നു പ്രധാന ഘട്ടങ്ങളിൽ പീഡിപ്പിച്ചു: യെഹൂദമതത്തിന്റെ ഘട്ടം, റോമാ സാമ്രാജ്യത്തിന്റെ ഘട്ടം, ഗ്രീക്ക് തത്ത്വശാസ്ത്രത്തിന്റെ ഘട്ടം. ലോകം സഭയെ പീഡിപ്പിച്ച മൂന്നു ഘട്ടങ്ങൾ ഇവയാണ്. യോഹന്നാന്റെ സുവിശേഷത്തിൽ കർത്താവ് അനേക തവണ ലോകത്തെ സംബന്ധിച്ച് സംസാരിച്ചു; അവയിൽ പ്രത്യേകിച്ച് മതപരമായ ലോകത്തെ ആയിരുന്നു അവൻ ഉദ്ദേശിച്ചത്. ജീവന്റെ മാർഗ്ഗത്തിലും ആത്മാവിലും ത്രിയേകദൈവത്തെ നമ്മുടെ നിവാസമായി എടുക്കുകയും, നമ്മെത്തന്നെ ത്രിയേകദൈവത്തിനു വേണ്ടിയുള്ള നിവാസമാക്കുകയും ചെയ്ത്, വാസ്തവമായി വിശ്വസ്തതയോടെ നാം കർത്താവിനെ പിന്തുടരുകയാണെങ്കിൽ, മതപരമായ ലോകം നമ്മെ പീഡിപ്പിക്കും. എന്നോട് പറയൂ, ജോൺ ഹസ്സിനെ കൊലമരത്തിൽ ദഹിപ്പിച്ച് കൊന്നത് ആരായിരുന്നു? അത് റോമൻ കത്തോലിക്ക മതമായിരുന്നു. പരദേശി മോക്ഷയാത്രയുടെ ഗ്രന്ഥകർത്താവായ ജോൺ ബനിയനെ ആരായിരുന്നു തടവിലാക്കിയത്? അത് ഇംഗ്ലണ്ടിലെ സഭയായിരുന്നു. മാഡം ഗയോണിനെ തടവിലാക്കിയത് ആരായിരുന്നു? അത് റോമൻ കത്തോലിക്കാ സഭയായിരുന്നു. കർത്താവിന്റെ ഈ വചനം തലമുറകളിലുടനീളം നിറവേറിയിട്ടുണ്ട്. ഒരു വ്യക്തിയോ ഒരുകൂട്ടം വ്യക്തികളോ യോഹന്നാൻ 14-ലും 15-ലും വെളിപ്പെട്ടിരിക്കുന്ന മാർഗ്ഗത്തിൽ കർത്താവിനെ പിൻതുടരുമ്പോഴെല്ലാം, മതപരമായ ലോകം അവരെയെല്ലാം പീഡിപ്പിച്ചിട്ടുണ്ട്. ക്രിസ്തുവിനെ ജീവന്റെ മാർഗ്ഗത്തിൽ പിൻതുടരുന്നവരെ മതപരമായ ലോകം തുടർന്നും പീഡിപ്പിക്കും.